# കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.lfa.kerala.gov.in](www.lfa.kerala.gov.in)

# പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് ഓഫീസ്
## എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം (പി 14)163/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

**തീയതി : 25.03.2019**

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

സർ,

<u>വിഷയം</u> :- പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3)കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം (പി 14)163/2019 **തീയതി : 25.03.2019**

# എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ **പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ജയ സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 04.01.2019 മുതൽ 18.01.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.രതീഷ് സി.ആർ | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജലജ. എം.കെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ബബിത. ബി.കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.കെ മൊയ്തു | 01.04.2017 മുതൽ 31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി.നിസാമോൾ സിദ്ദിഖ് | 01.04.2017 മുതൽ 31.03.2018 വരെ. |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.എം.എം.ഷംസുദ്ദീൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കാർത്തികേയൻ. വി. | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. | ശ്രീ.ഷൈജു പോൾ | 01.04.2017 മുതൽ 12.03.2018 വരെ |
| | ശ്രീ.ജോമിറ്റ് തോമസ് | 13.03.2018 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.എലിസബത്ത് | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഡീന എബ്രഹാം | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.റഷീദ വി.എ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഷൈലജ കെ.പി. | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.മെർലി മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. കെ.പി.ആനന്ദ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.അമൃത രവി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.ദിവ്യ സാംബശിവൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ, ജി.യു.എൽ.പി.എസ്., മാവുടി | ശ്രീമതി. ലീല. ഇ.കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ, ജി.യു.എൽ.പി.എസ്., പൈമറ്റം | ശ്രീ.വൽസലൻ.എം.എ. | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | | ഖണ്ഡിക നം |
|---|---|---|
| | **ഭാഗം- 1 പൊതു അവലോകനം** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പുപദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 |
| | **ഭാഗം - 2** | |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 2-1 |
| 14 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 2-2 |
| 15 | ലോകബാങ്ക് ധനസഹായം ചെലവഴിച്ചില്ല | 2-3 |
| | **ഭാഗം-3** | |
| 16 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ | 3-1 |
| 17 | പ്രൊ. നം.122/18-വനിത പേപ്പർ ബാഗ് യൂണിറ്റ്- പുനരുദ്ധാരണം- സംബന്ധിച്ച് | 3-2 |
| 18 | അങ്കണവാടി ജീവനക്കാർക്ക് ഹോണറേറിയം കുടിശ്ശിക | 3-3 |
| 19 | സ്ട്രീറ്റ് ലൈറ്റ് - മെയിന്റനൻസ് സംബന്ധിച്ച് | 3-4 |
| 20 | വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 3-5 |
| 21 | ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ | 3-6 |
| 22 | ജലവിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അടയ്ക്കുന്നത് സംബന്ധിച്ച് | 3-7 |
| 23 | പി.എം.എ.വൈ. പദ്ധതി -ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല | 3-8 |
| | **ഭാഗം - 4** | |
| 24 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം | 4-1 |
| 25 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 27 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 29 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | ഓഡിറ്റ് സാക്ഷ്യപത്രം, | അനുബന്ധം1 |
| 34 | ബാലൻസ് ഷീറ്റ്,<br>ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്,<br>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം2 |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 27.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21.3.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനം പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 30.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.6.2018 & 28.6.2018 | KSA EKM(PG) 1786(60)/18 /30.8.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 27,57,732.00 |
| വരവ് | 3,76,72,416.00 |
| ആകെ | 4,04,30,148.00 |
| ചെലവ് | 3,69,07,915.00 |
| നീക്കിയിരിപ്പ് | 35,22,233.00 |

# 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 7617000 | 7617000 | 7452686 | | 164314 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1322192 | 1322192 | 925988 | | 396204 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 8996 | 8996 | 8600 | | 396 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 9501000 | 9501000 | 9279884 | | 221116 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2591000 | 2591000 | 2574321 | | 16679 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3577718 | 3577718 | 3564891 | | 12827 |
| കെ.എൽ.എസ്. ജി.ഡി.പി | 0 | 74666 | 74666 | - | | 74666 |
| എം.എൻ ആർ.ഇ. ജി.എസ്. | 9250 | 9984861 | 9994111 | 9993872 | 239 | |
| ബഡ്സ് സ്കൂൾ | 640773 | 278647 | 919420 | 376126 | 543294 | |
| ദുരിതാശ്വാസനിധി | 6534 | 23305 | 29839 | 15000 | 14839 | |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 40522251 | 4650000 | 5055251 | 5055251 | - | |
| ട്രഷറി ബ്ലോക്ക് പഞ്ചായത്ത് | | 477325 | 477325 | 477325 | - | |
| ട്രഷറി ജില്ലാ പഞ്ചായത്ത് | | 450800 | 450800 | 450800 | | |
| ട്രഷറി ICDS | | 641407 | 641407 | - | 641407 | |
| സാക്ഷരത | 8835 | 339 | 9174 | - | 9174 | |
| ബി. ഫണ്ട് | 0 | 18267960 | 18267960 | 18267960 | - | |

| | | | | | | | |
|---|---|---|---|---|---|---|---|
| തനത് ഫണ്ട് | ബാങ്ക് | 1552724 | 6380536 | 7933260 | 5888293 | 2044967 | |
| | | | | | | | |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.നടപ്പാക്കാത്തതായി പറഞ്ഞിട്ടുള്ള 16 പദ്ധതികളിൽ 13 പദ്ധതികൾ പൂർത്തീകരിച്ചു എങ്കിലും സ്പിൽ ഓവർ പദ്ധതികൾക്ക് തുക അനുവദിക്കാത്തതും ധനകാര്യകമ്മീഷൻ ഗ്രാന്റിൽ ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള മുഴുവൻ തുകയും ലഭ്യമാകാത്തതും പദ്ധതികൾ പൂർത്തീകരിച്ചവയ്ക്ക് പണം നൽകുന്നതിന് തടസ്സമായി.

| അംഗീകാരം ലഭിച്ചത്. എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായിനടപ്പാക്കിയത് ( എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 114 | 38970875 | 98 | 26162513 | 2 | 16 | 84% |

# 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 250 | 463014 | 472264 | 472025 | 239 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 9521847 | 9521847 | 9521847 | - |
| ആകെ | 9250 | 9984861 | 9994111 | 9993872 | 239 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20760 | 39 |
| കർഷക തൊഴിലാളി പെൻഷൻ | 2517500 | 199 |
| വിധവാപെൻ ഷൻ | 5000700 | 422 |
| വാർദ്ധക്യകാല പെൻഷൻ | 8450300 | 621 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള | 1972700 | 163 |

| | | |
|---|---|---|
| പെൻഷൻ | | |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 94400 | 8 |
| വിവാഹ ധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 390000 | 13 |

# 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2019 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4989 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1. ചെലവുകൾ-ബജറ്റ് നിയന്ത്രണം

വിവിധ ആവശ്യങ്ങൾക്ക് തുക വിനിയോഗിക്കുമ്പോൾ ഫയലിലോ വൗച്ചറുകളിലോ, ബജറ്റ് നിയന്ത്രണത്തിനായി അപ്രോപ്രിയേഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അതിനാൽ ചെലവ് തുകകൾ അതാത് ശീർഷകങ്ങളിലെ ബജറ്റ് അലോക്കേഷനിൽ കൂടുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് സാധിക്കാത്ത അവസ്ഥയാണുള്ളത്.

2. ആസ്തികൾ

ഗ്രാമപഞ്ചായത്തിന്റെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററുകളിൽ വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.01.2019 | 1.12.2018 to 31.12.2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.06.2018 | 1.4.2013 മുതൽ 31.03.2018വരെ | 27.7.2018 |

# 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

30.08.2018-ലെ കെ.എസ്.എ-ഇ.കെ.എം(പി.ജി)1786(60)/2018 പ്രകാരം 2017-18 -ലെ വാർഷിക കണക്കുകൾ പരിശോധിച്ച് സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ധനകാര്യ പത്രികയുടെ സമഗ്രമായ പരിശോധനയിൽ താഴെ ചേർത്ത അപാകത കൂടി കാണുന്നു.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം തൻവർഷം 13 പേർക്ക് 30,000/-രൂപ വീതം ആകെ 3,90,000/-രൂപ നൽകിയിട്ടുള്ളതാണ്. എന്നാൽ 1,50,000/- രൂപയുടെ കണക്കുമാത്രമേ വാർഷിക ധനകാര്യപത്രികയിൽ (I-6,I-14(d), RP-7, Trial balance) ഉൾപ്പെട്ടിട്ടുള്ളൂ. 2,40,000/-രൂപയുടെ കണക്ക് ചേർത്തിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര് | ഈടാക്കേണ്ട നികുതി(ലൈബ്രറി സെസ്സ് ഇല്ലാതെ) രൂപ |
|---|---|---|---|
| 1 | VI / 54 | ബിഎസ്എൻഎൽ | 4815 |
| 2 | XI / 434 A | റിലയൻസ് കമ്മ്യൂണിക്കേഷൻ | 29490 |
| 3 | XII / 210 B | ബിഎസ്എൻഎൽ | 7718 |
| ആകെ | | | 42023 |

മേൽ പറഞ്ഞ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ ടി കമ്പനികൾക്ക് റവന്യൂ റിക്കവറി നോട്ടീസ് നല്കിയിട്ടും നടപടികൾ ഇല്ലാതിരുന്നതിനാൽ വകുപ്പ് തല നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

## 2-2 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന 3 ക്ഷീരസഹകരണ സംഘങ്ങളിൽ വെള്ളാരമറ്റം ക്ഷീര സഹകരണസംഘം എന്ന സ്ഥാപനത്തിന്റെയും വിവിധ റേഷൻ കടകളുടെയും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് റേഷൻ കടകളുടെ വരുമാനം കണക്കാക്കി തരുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നല്കിയിട്ടുണ്ടെന്നും വെള്ളാരമറ്റം ക്ഷീര സഹകരണ സംഘത്തിന്റെ തൊഴിൽ നികുതി ഈടാക്കുന്നതിലേക്ക് അടിയന്തിരനടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നല്കുകയുണ്ടായി. ടി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 ലോകബാങ്ക് ധനസഹായം ചെലവഴിച്ചില്ല

ഗ്രാമ പഞ്ചായത്തിന് 2016-17 വർഷം ലോകബാങ്ക് സഹായമായി 1952836/- രൂപ ലഭിക്കുകയും 1878170/- രൂപാ ചെലവഴിക്കുകയും ചെയ്തു. മിച്ചം വന്ന 74666/- രൂപ 21.07.17 ലെ ജി.ഒ. (ആർ. റ്റി) 5824/2017/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം 2017-18 വർഷത്തേയ്ക്ക് അനുവദിച്ചിരുന്നുവെങ്കിലും ഗ്രാമ പഞ്ചായത്തിന് ടി തുക ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് നൽകിയ മറുപടിയിൽ സുലേഖ സോഫ്റ്റ്‌വെയറിലെ വാലിഡേഷനിൽ ടി തുക ഉൾപ്പെട്ടുവരാത്തതിനാലാണ് ചെലവഴിക്കാൻ സാധിക്കാതെ വന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി തുക തുടർന്നുള്ള വർഷം അനുവദിച്ചുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -അപാകതകൾ

1.കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് ഹോംകെയർ |
| പ്രോജക്ട് നം. | S0014/18 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| അടങ്കൽ | 3,37,050/- (പദ്ധതിവിഹിതം) |
| ചെലവ് | 3,37,050/- (പദ്ധതിവിഹിതം) |

1961ലെ ഇൻകം ടാക്സ് ആക്ട്, വകുപ്പ് 194 പ്രകാരം 1,00,000/- രൂപക്ക് മുകളിലുള്ള ട്രാൻസ്പോർട്ട് കരാറുകളിൽ വ്യക്തികളുടെ പ്രതിഫലത്തിൽ നിന്ന് 1% നിരക്കിലും, PAN രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ 20% നിരക്കിലും ആദായ നികുതി TDS ആയി ഈടാക്കേണ്ടതാണ്. എന്നാൽ,പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പാക്കിയ പാലിയേറ്റീവ് ഹോംകെയർ പദ്ധതിയിൽ രോഗീപരിചരണത്തിനു പോകുന്നതിനായി കോൺട്രാക്ടടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. KL- 6-E-710 വാഹനം ഓടിച്ച വകയിൽ ശ്രീ. ബഷീർ കെ.എം.എന്ന വ്യക്തിക്ക് ഓടിയ ദിവസത്തിന് 800/- രൂപ നിരക്കിൽ ആകെ 1,16,000/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ ടി- വ്യക്തിയിൽ നിന്ന് ആദായനികുതി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ പ്രത്യേകം ചേർക്കുന്നു.

| മാസം | ജോലി ചെയ്ത ദിവസങ്ങൾ*കൂലി | നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| ഏപ്രിൽ 2017 മെയ് 2017 ജൂൺ 2017 ജൂലൈ 2017 | 47*800/- | 37,600/- | 2/17-18/ 30.08.17 |
| ഓഗസ്റ്റ് 2017 | 13*800 | 10400/- | 4/17-18 തീ.23.10.17 |
| സെപ്തംബർ 2017 | 13*800 | 10400/- | 3/17-18 തീ.22.09.17 |
| ഒക്ടോബർ 2017 | 12*800 | 9600/- | 5/17-18, തീ.23.11.17 |
| നവംബർ 2017 | 12*800 | 9600/- | 6/17-18/ തീ.20.12.2017 |
| ഡിസംബർ 2017 | 12*800 | 9600/- | 7/17-18/ 30.01.18 |
| ജനുവരി 2018 | 12*800 | 9600/- | 9/17-18/ 27.02.18 |
| [illegible] | [illegible] | [illegible] | [illegible] |

| | | | |
|---|---|---|---|
| ഫെബ്രുവരി 2018 | 14*800 | 11200 | 10/17-18/ 14.03.18 |
| മാർച്ച് 2018 | 10*800 | 8000/- | 12/17-18. തീ.28.03.18 |
| ആകെ | | 1,16,000/- | |

എന്നാൽ, ടിയാനിൽ നിന്നും നിയമാനുസൃതമായ ഇൻകം ടാക്സ് TDS ആയി ഈടാക്കിയിട്ടില്ല. ആയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയിട്ടില്ല. അതിനാൽ വാഹന ഡ്രൈവറിൽ നിന്നും ഈടാക്കേണ്ടതായ 1160/-രൂപ ആദായനികുതി ഈടാക്കി അടയ്ക്കേണ്ടതാണ്. മാത്രമല്ല ഈ ആവശ്യത്തിന് ലഭിച്ച ക്വട്ടേഷനും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കാൻ വേണ്ട നടപടിയും സ്വീകരിക്കേണ്ടതാണ്.

2. <u>മരുന്നുകൾ ലഭ്യമായിട്ടില്ല</u>

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് ഹോംകെയർ |
| പ്രോജക്ട് നം | S0052/18 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| അടങ്കൽ | 2,00,000/-(പദ്ധതിവിഹിതം) |
| ചെലവ് | 2,00,000/- (പദ്ധതിവിഹിതം)ബിൽ നം.8/17-18/തീ.30.01.2018 |

മേൽ പദ്ധതിയ്ക്ക് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് 1,63,110/-രൂപയും മെഡി സർജ് ഏജൻസീസിന് 36,890/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ 1,49,118/- രൂപയുടെ മരുന്ന് മാത്രമാണ് 12 ബില്ലുകളിലായി ലഭിച്ചിട്ടുള്ളത്. 13,992/- രൂപയുടെ മരുന്ന് KMSCL -ൽ നിന്നും ഇനിയും ലഭിക്കാനുണ്ട്. ആയത് എത്രയും വേഗം ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ 13,992/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-2 <u>പ്രൊ.നം.122/18-വനിത പേപ്പർ ബാഗ് യൂണിറ്റ്-പുനരുദ്ധാരണം- സംബന്ധിച്ച്</u>.

2008-09 വർഷം ആരംഭിച്ചിട്ടുള്ള പ്രോജക്ട് നം.13/09-കുടുംബശ്രീ വനിതകൾക്ക് പേപ്പർ ബാഗ് നിർമ്മാണം എന്ന പദ്ധതിക്ക് ഒരു ലക്ഷം രൂപ സബ്സിഡി നൽകിയിരുന്നു. സ്ഥാപനത്തിന്റെ പ്രവർത്തനം മുടങ്ങിയതിനാൽ ബാങ്ക് ലോൺ തിരിച്ചടവ് മുടങ്ങുകയും ബാങ്ക് തുക ഈടാക്കുന്നതിന് കോടതിയെ സമീപിക്കുകയും ചെയ്തു. കോടതിയിലെ ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം ബാങ്ക് പലിശ പിഴപ്പലിശ എന്നിവ ഒഴിവാക്കി 350000/-രൂപ മാത്രം അടയ്ക്കുന്നതിന് അനുമതി നൽകി.

പദ്ധതിയുടെ പുനരുദ്ധാരണത്തിന് ജില്ലാ കുടുംബശ്രീ മിഷൻ വിഹിതമായി 50,000/- രൂപ 26.12.2017-ൽ ആവശ്യപ്പെട്ടു കണ്ടു. കൂടാതെ കെ.പി.എം.ഐ.മൈക്രോ സംരംഭ ഗ്രൂപ്പിന് ബാങ്കിലെ കടം ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥയിൽ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് 1,00,000/-രൂപ ബിൽ നം.54/17-18/22-02-2018 പ്രകാരം ടി സ്ഥാപനത്തിന്റെ ലോൺ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. സ്ഥാപനം നിലവിൽ പ്രവർത്തനം നടത്തുന്നുമില്ല. 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം കൃത്യമായി ലോൺ തിരിച്ചടയ്ക്കുന്നവർക്കാണ് പലിശ സബ്സിഡി നൽകാമെന്ന് വ്യക്തമാക്കിയിട്ടുള്ളത്. അതും പുതിയ സംരംഭങ്ങൾക്ക് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ പലിശ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെയോ, കോർഡിനേഷൻ കമ്മറ്റിയുടെയോ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ,കുടുംബശ്രീ മിഷനിൽ നിന്നും ലഭ്യമാക്കുന്നതിന് വകയിരുത്തിയ 50000/-രൂപ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റ വിശദാംശങ്ങൾ,ടി സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം എന്നിവ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയിട്ടില്ല. അതിനാൽ മേൽ പരാമർശങ്ങൾ പരിഗണിച്ച് ഈ പദ്ധതിയ്ക്ക് വേണ്ടി തൻ വർഷം ചെലവായ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-3 അങ്കണവാടി ജീവനക്കാർക്ക് ഹോണറേറിയം കുടിശ്ശിക

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം |
| പ്രോജക്ട് നം. | എസ് 0013/18 |
| അടങ്കൽ | 350000/- |
| ചെലവ് | 348930/- (232373/-ബിൽ നം.1/17-18/തീ.25.8.17)(1165 ബിൽ നം.9/17-18/തീ.27.1.18) |
| നിർവ്വഹണം | ഐ.സി.ഡി എസ് സൂപ്പർ വൈസർ |

2017-18 വർഷം പഞ്ചായത്തിലെ അങ്കണവാടി പ്രവർത്തകർക്ക് ഹോണറേറിയം ഇനത്തിൽനൽകേണ്ട തുക 700800/-രൂപയായിരുന്നു. എന്നാൽ പദ്ധതിയിൽ വകയിരുത്തിയത് 350000/-രൂപ മാത്രമാണ്. പഞ്ചായത്തിൽ ആകെയുള്ള 16 അങ്കണവാടികളിലുമുള്ള വർക്കർമാർക്ക് പ്രതിമാസം 2200/-രൂപ നിരക്കിലും, ഹെൽപ്പർമാർക്ക് പ്രതിമാസം 1450/-രൂപ നിരക്കിലും ഹോണറേറിയം കണക്കാക്കുമ്പോൾ 700800/- രൂപ ഈയിനത്തിൽ ആവശ്യമുണ്ട്. എന്നാൽ

പദ്ധതിയിൽ വകയിരുത്തിയത് 350000/-രൂപയും. (16*2200*12=422400/-)+(16*1450*12=278400/-)=700800/-)

25.01.2018 -ലെ നം.36/2018/സാ.നീ.വ സ.ഉ.(സാധാ) പ്രകാരം അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000/- രൂപയായും, ഹെല്പർമാരുടെ ഓണറേറിയം 7,000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ ഉത്തരവിന് 01.04.2017 മുതൽ പ്രാബല്യമുള്ളതിനാൽ പ്രാബല്യ തീയതി മുതലുള്ള കുടിശ്ശികയ്ക്കും ജീവനക്കാർ അർഹരാണ്. 2017 ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെയുള്ള 7 മാസത്തെ ഓണറേറിയം പഴയ നിരക്കിൽ പഞ്ചായത്തിൽ പ്രോജക്റ്റ് വച്ച് നൽകിയിട്ടുള്ളതിനാൽ (ആകെ 348930/-രൂപ)ടി തുക കിഴിച്ചുള്ള തുക മാത്രമാണ് സർക്കാർ നൽകിയത്. പിന്നീടുള്ള മാസങ്ങളിൽ അതായത് ഒക്ടോബർ മുതൽ ഫെബ്രുവരി വരെയുള്ള 5 മാസങ്ങളിൽ മേൽ ഉത്തരവിൽ പ്രതിപാദിച്ചിരിക്കും വിധം പഞ്ചായത്ത് നൽകുവാനുള്ള 1000/-രൂപ വീതം കുറവു ചെയ്ത ശേഷമുള്ള തുകയാണ് ഡിപ്പാർട്ടുമെന്റ് നൽകിയത്. അതിനാൽ പഞ്ചായത്തിൽ നിന്നും അങ്കണവാടി ജീവനക്കാർക്ക് ലഭിക്കേണ്ട ഹോണറേറിയം കുടിശ്ശിക (1000*32*5=1600000/-) വകുപ്പിൽ നിന്നും ലഭ്യമാക്കി നൽകുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ജീവനക്കാർക്ക് ലഭിക്കേണ്ടതായ കുടിശ്ശിക ഹോണറേറിയം നൽകുന്ന കാര്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും വ്യക്തമായ നിർദ്ദേശം ലഭ്യമാക്കി യുക്തമായ നടപടി കൈക്കൊള്ളേണ്ടതാണ്.

# 3-4 സ്ട്രീറ്റ് ലൈറ്റ് - മെയിന്റനൻസ് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിലെ വാർഷിക പദ്ധതിയിൽപെടുത്തി 11,90,775/- രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സൗരോർജ വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | വർഷം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | 98/2014 | 2013-14 | അഞ്ചും പതിനൊന്നും വാർഡുകളിലെ എസ്.സി കോളനികളിൽ സൗരോർജ തെരുവ് വിളക്ക് സ്ഥാപിക്കൽ | 134175 |
| 2 | 115/2014 | 2013-14 | സൗരോർജ തെരുവ് വിളക്ക് സ്ഥാപിക്കൽ | 185600 |
| 3 | 97/2015 | 2014-15 | സൗരോർജ തെരുവ് വിളക്ക് സ്ഥാപിക്കൽ | 300000 |
| 4 | 100/2015 | 2014- | എസ്.സി. | 180000 |

| | | | | |
|---|---|---|---|---|
| | | 15 | കോളനികളിൽ സൗരോർജ തെരുവ് വിളക്ക് സ്ഥാപിക്കൽ | |
| 5 | 121/2013 | 2012-13 | സൗരോർജ തെരുവ് വിളക്ക് സ്ഥാപിക്കൽ | 391000 |
| | | | | 1190775 |

ഗ്രാമ പഞ്ചായത്ത് ഓഫീസ് പരിസരത്ത് സ്ഥാപിച്ചതുൾപ്പെടെയുള്ള പല സൗരോർജ്ജ വിളക്കുകളും നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് എക്സിറ്റ് മീറ്റിംഗ് സമയത്ത് പ്രസിഡന്റ് അറിയിച്ചിരുന്നു. വിളക്കുകൾ നന്നാക്കി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 വിവിധ നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2017 -18 വർഷം വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി KSEB, KWA എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. ടി പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കാത്തതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രോജക്റ്റ് നം. | വർഷം | പദ്ധതിയുടെ പേര് | സ്ഥാപനം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 110 | 2017-18 | രണ്ടാം വാർഡിൽ ഈട്ടിപ്പാറ കുറിഞ്ഞിലിക്കാട്ട്മറ്റം റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | KWA | 101000 |
| 2 | 113 | 2017-18 | പന്ത്രണ്ടാം വാർഡിൽ പൂഞ്ചക്കുഴി റോഡ് പൈപ്പ് ലൈൻ വലിയ്ക്കൽ | KWA | 99000 |
| 3 | 114 | 2017-18 | പുലിക്കുന്നേപ്പടി പിടവൂർ റോഡ് പൈപ്പ് ലൈൻ വലിയ്ക്കൽ | KWA | 148000 |
| 4 | 84 | 2017-18 | വിവിധ ഗ്രാമീണ റോഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും അങ്കണവാടികൾക്ക് വാട്ടർ കണക്ഷൻ എടുക്കലും | KWA | 320600 |
| 5 | 124 | 2017-18 | മൂന്നാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | KSEB | 84100 |
| 6 | 125 | 2017-18 | ഏഴാം വാർഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | KSEB | 115900 |
| ആകെ | | | | | 8,68,600 |

# 3-6 ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ - അപാകതകൾ

**1. പ്രൊ.നം. 67/18 - ലൈബ്രറികൾക്ക് ആനുകാലികങ്ങൾ / മാസികകൾ**

പദ്ധതി പ്രകാരം നഹാ സാഹിബ് ലൈബ്രറി ആൻഡ് റീഡിംഗ് റൂം, (Rs. 6864/-), ദേശീയ വായനശാല, പല്ലാരിമംഗലം (Rs. 6150/-) എന്നീ സ്ഥാപനങ്ങളിൽ പത്ര മാസികകൾ നൽകിയ ഇനത്തിൽ ട്രഷറിയിൽ നിന്നും തുക മാറി നൽകിയിട്ടുണ്ട്. എന്നാൽ ബിൽ നം. 11/2017-18 തീയതി 15.03.18 പ്രകാരം 5236 /- രൂപയും പദ്ധതിക്കായി മാറിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ ചെലവ് വിശദാംശങ്ങൾ, കൈപ്പറ്റ് എന്നിവ ലഭ്യമല്ല. കൂടാതെ ലൈബ്രറികൾക്ക് സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരം സംബന്ധിച്ച രേഖകളും ലഭ്യമാക്കിയിട്ടില്ല.

**2. പ്രൊ.നം. 68 /18 - തയ്ക്കൊണ്ടോ പരിശീലനം**

പദ്ധതി പ്രകാരം ഗവ.LPS, മാവുടി, ഗവ.യു.പി.എസ്, പൈമറ്റം എന്നീ സ്കൂളുകളിലെ കുട്ടികൾക്ക് തായ്ക്കോണ്ടോ പരിശീലനം നടത്തിയ ഇനത്തിൽ ഇൻസ്ട്രക്ടർ ശ്രീ സ്റ്റീഫൻ മാത്യു, കൂവള്ളൂർ - ന് ബിൽ നം. 10 / 17 -18 തീയതി 23 .02 .18 പ്രകാരം 98000/- രൂപയും നൽകിയിട്ടുണ്ട്. എന്നാൽ പരിശീലകന്റെ ഹാജർ രേഖ, എത്ര വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ പരിശീലകന് പ്രൊ.നം 68 /18, 109/ 18 എന്നിവയ്ക്കായി നൽകിയ പ്രതിഫലത്തിൽ നിന്നും(Rs 98000 /- + Rs 19000 /-)ആദായ നികുതി ഈടാക്കിയതായും കാണുന്നില്ല.

**3. പ്രൊ.നം .66 / 18 - SSA വിഹിതം നൽകൽ**

പദ്ധതിക്കായി ബിൽ നം1/18, തീയതി 30.06.2017 പ്രകാരം 400000 /-രൂപ പ്രൊജക്റ്റ് ഓഫീസർ SSA -യുടെ പേരിൽ അടച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.

**4. പ്രൊ.നം.71 / 18 - പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും**

ടി പദ്ധതി പ്രകാരം 28 ജോഡി മേശയും കസേരയും വാങ്ങിയ ഇനത്തിൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സമർപ്പിച്ച ശ്രീ ഹുസൈനാർ, പെരുമാകുടി, കൂവള്ളൂർ എന്നയാളുടെ പേർക്ക് ബിൽ നം. 08/17-18 തീയതി 23.02.2018 പ്രകാരം 140000 /- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫർണിച്ചർ വാങ്ങിയതിന്റെ രേഖയായി ഫയലിൽ ആൻസ് ഫർണിച്ചർ, നെല്ലിമറ്റം എന്ന സ്ഥാപനത്തിന്റെ പേരിലുള്ള ക്യാഷ് ബിൽ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഫർണിച്ചർ വിൽപ്പനയ്ക്ക് GST ബാധകമായതിനാൽ

GST ബിൽ ആണ് ഹാജരാക്കേണ്ടിയിരുന്നത്. GST നേരിട്ട് അടച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ആകെ 6,75,250/-രൂപ)

# 3-7 ജലവിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്നും അടയ്ക്കുന്നത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വെളിയംകുന്ന് ജല വിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ് ഇനത്തിൽ എല്ലാ മാസവും തനത് ഫണ്ടിൽ നിന്നും തുക അടയ്ക്കുന്നതായി കാണുന്നു. KSEB - യുടെ ബില്ല് പ്രകാരം (കൺസ്യൂമർ നം.1155924008962 ) ടി ബില്ല് കേരളാ വാട്ടർ അതോറിറ്റി യുടെ പേരിൽ ഉള്ളതാണെന്ന് കാണുന്നു. (AEE, KLM, PH SUB DIVISION). 06.06.2002 ലെ G.O. (M.S.) No.20/2002/Plg ഉത്തരവിലെ ഖണ്ഡിക 7.4.1.C-iv-3 പ്രകാരം കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പും മെയിന്റനൻസ് ചെലവുകളും ഗുണഭോക്തൃ സമിതിയുടെ ചുമതലയാണ്. 13-ാം പദ്ധതി മാർഗ്ഗ രേഖ പ്രകാരം (ഖ.12.7) കുടിവെള്ള പദ്ധതികളുടെ ആവർത്തന ചെലവുകളിലെ പട്ടിക ജാതി/പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ വിഹിതം മാത്രം ബന്ധപ്പെട്ട ഉപപദ്ധതി തുകയിൽ ആവശ്യമെങ്കിൽ വകയിരുത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ വെളിയംകുന്ന് ജല വിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിനുള്ള കാരണം, ബില്ല് KWA യുടെ പേരിൽ നൽകുന്നതിന്റെ കാരണം എന്നിവ വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.7/തീയതി 16.01.2019) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

# 3-8 പി.എം.എ.വൈ. പദ്ധതി -ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് | പി.എം.എ. വൈ. ഗ്രാമപഞ്ചായത്ത് വിഹിതം -ജനറൽ |
| പ്രോജക്ട് നം. | എസ് 0003/18 |
| നിർവ്വഹണം | വി.ഇ.ഒ. |

| | |
|---|---|
| അടങ്കൽ | 20000/- |
| ചെലവ് | 20000/- |

ജില്ലാപഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള ഭവനനിർമ്മാണം പദ്ധതിയിൽ സെൻട്രൽ ഷെയർ കിഴിച്ചുള്ള തുകയുടെ 25% ഗ്രാമപഞ്ചായത്തും, 35% ബ്ലോക്ക് പഞ്ചായത്തും, 40% ജില്ലാ പഞ്ചായത്തും പദ്ധതി പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണ്. എന്നാൽ മേൽ പദ്ധതിയ്ക്കായി പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് 20000/- രൂപ ജില്ലാ പഞ്ചായത്തിലേയ്ക്ക് അടയ്ക്കുകയും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിൽ തുകയുടെ വിനിയോഗം സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലും ഇല്ല. അതായത് കൈപ്പറ്റിയ തുക ഉപയോഗിച്ചുള്ള ഭവനനിർമ്മാണം പൂർത്തീകരിച്ചോ എന്നും എത്ര ഗുണഭോക്താക്കൾക്കായാണ് ആനുകൂല്യം നൽകിയത് എന്നും ഉള്ള എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുവിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 234200 | സമഗ്ര നെൽക്കൃഷി വികസനം | 234200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 143125 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 143125 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 275800 | സമഗ്രനെൽകൃഷി വികസനം | 275800 | 0 |
| ,, | 2017-18 | 175000 | ശാരീരികവും മാനസികവുമായി | 155000 | 20000 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരസംഘങ്ങൾക്ക് പാൽ-സബ്സിഡി | 100000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | (84/18)വിവിധ ഗ്രാമീണ റോഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കലും അങ്കണ വാടികളിൽ വാട്ടർ കണക്ഷൻ എടുക്കലും | 21700884/ 6.8.17 | 230600 | 0 | 230600 |
| | ” | 21701020/ 5.1.18 | 90000 | 0 | 90000 |
| ” | പുലിക്കുന്നേപ്പടി പിടവൂർ റോഡ് പൈപ്പ് ലൈൻ വലിക്കൽ(114/18) | 21701023/ 27.1.18 | 74000 | 0 | 74000 |
| ” | ” | 21701024/ 27.1.18 | 74000 | 0 | 74000 |
| ” | 12-ാം വാർഡിർ പുഞ്ചക്കുഴി റോഡ് പൈപ്പ് ലൈൻ വലിക്കൽ (113/18) | 2171021/ 18.1.18 | 99000 | 0 | 99000 |
| ” | രണ്ടാം വാർഡിൽ ഈട്ടിപ്പാറ കുറിഞ്ഞിലിക്കാട്ടുമറ്റം റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (110/18) | 21701031/ 6.2.18 | 101000 | 0 | 101000 |
| കേരള സ്റ്റേറ്റ് | മൂന്നാം വാർഡിൽ | 21701022/ | 84100 | 0 | 84100 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിക്കൽ(124/18) | 20.1.18 | | | |
| ,, | ഏഴാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (125/18) | 21701030/ 6.2.18 | 115900 | 0 | 115900 |

# 4-3 മൊബിലൈലേഷൻ അഡ്വാൻസ് വിവരങ്ങൾ

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ(സാധാ)നം 530/2010/ ത.സ്വ.ഭ.വ തീ. 18.02.2010 | 6994500 | 1836464 | 699450 | 1526671 | 1137014 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 9240/- രൂപ തിരിച്ചടച്ചതായി വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിട്ടുണ്ട്. ഇത് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന തുകകളാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-17 | 2-3 | 1800/- | ഷമീർ.പി.എ., പള്ളിക്കരയിൽ, ഫിഫ ഓയിൽ മിൽസ് | 117010104598/ 26.03.2018 |
| ,, | 2-3 | 1440/- | ഷിഹാബ് കെ.എം, എം.ഡി, മേമ്മ ഫുഡ്സ് | 117010104047/ 01.03.2018 |
| - | 3-1 | 6000/- | ശ്രീ. എം.വി. ഗോപാലകൃഷ്ണൻ, സെക്രട്ടറി, ബദിയടുക്ക ഗ്രാമപഞ്ചായത്ത്, (ഓണം അഡ്വാൻസ്) | 117010500005/ 20.10.2017 |
| ആകെ | | 9240/- | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,76,72,416 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,69,07,915 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1657842 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| ഇല്ല | | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 13992 | ഡോ.അമൃത രവി ,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. പല്ലാരിമംഗലം |
| 3-2 | 100000 | ശ്രീ. എം.എം.ഷംസുദ്ദീൻ<br>സെക്രട്ടറി, പല്ലാരിമംഗലം<br>ഗ്രാമ പഞ്ചായത്ത് |
| 3-5 | 868600 | ശ്രീ.എം.എം.ഷംസുദ്ദീൻ<br>സെക്രട്ടറി, പല്ലാരിമംഗലം<br>ഗ്രാമ പഞ്ചായത്ത് |
| 3-6 | 675250 | ശ്രീ.വൽസലൻ.എം.എ.,<br>ഹെഡ് മാസ്റ്റർ,<br>ജി.യു.പി.എസ്, പൈമറ്റം |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1160 | ഡോ.അമൃത രവി ,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി. പല്ലാരിമംഗലം |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 2-3

**(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.എം.എം.ഷംസുദ്ദീൻ<br>സെക്രട്ടറി | സെക്രട്ടറി<br>പല്ലാരിമംഗലം<br>ഗ്രാമ പഞ്ചായത്ത് | മണ്ണാന്തറ (വീട്)<br>കൂവള്ളൂർ പി.ഒ<br>പല്ലാരിമംഗലം |
| ഡോ.അമൃത രവി,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി.<br>പല്ലാരിമംഗലം | | മണിയംകുളം ഹൗസ്.<br>തന്കാലം പി. ഒ<br>കോതമംഗലം |
| ശ്രീ.വൽസലൻ.എം.എ.,<br>ഹെഡ് മാസ്റ്റർ,<br>ജി.യു .പി.എസ്,<br>പൈമറ്റം | ഹെഡ് മാസ്റ്റർ,<br>ജി.യു.പി.എസ്,<br>പൈമറ്റം | മുണ്ടനാട്ട് ഹൗസ് ,<br>പരീക്കണ്ണി പി.ഒ.,<br>പല്ലാരിമംഗലം |

# 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന</u>

# റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി-1)25/01 തീയതി 26.09.2001 |
| 1997-98 | എൽ.എഫ്.ഇ.(പി-1)25/01 തീയതി 26.09.2001 |
| 1998-99 | എൽ.എഫ്.ഇ.(പി-1)1520/01തീയതി 04.05.2012 |
| 1999-00 | എൽ.എഫ്.ഇ.(പി-1)1685 തീയതി 01.11.2012 |
| 2000-01 | എൽ.എഫ്.ഇ.(പി-1)18/05 തീയതി 24.01.2005 |
| 2001-02 | എൽ.എഫ്.ഇ.(പി-1)18/05 തീയതി 24.04.2005 |
| 2002-03 | എൽ.എഫ്.ഇ.(പി-1)207/09 തീയതി 30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി-1)208/09 തീയതി 30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി-1)209/09 തീയതി 30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി-7)234/12 തീയതി 18.02.2012 |
| 2006-07 | എൽ.എഫ്.ഇ.(പി-7)233/12 തീയതി 28.02.2012 |
| 2007-08 | എൽ.എഫ്.ഇ.(പി-7)232/12 തീയതി 28.02.2012 |
| 2008-09 | എൽ.എഫ്.ഇ.(പി-7)231/12 തീയതി 28.02.2012 |
| 2009-10 | എൽ.എഫ്.ഇ.(പി-7)283/11 തീയതി 29.12.2011 |
| 2010-11 & 2011-12 | എൽ.എഫ്.ഇ.(പി-7)1949/13 തീയതി22.11.2013 / 05.12.2013 |
| 2013-14 | എൽ.എഫ്.ഇ.(പി-7)615/2015 തീയതി 08.06.2015 / 16.07.2015 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി .8) 1303/2016 തീയതി. 01.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി .14) 46/2017 തീയതി. 17.01.2017 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി .14) 2294/2017 തീയതി. 29.11.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

.

# അനുബന്ധം - 1

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**<u>2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>**

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. **31.03.18 -ൽ ജനറൽ പർപ്പസ് ഗ്രാന്റ് അലോട്ട്മെന്റ് 67,077 /- രൂപ വാർഷിക കണക്കിൽ വരവ് വന്നിട്ടില്ല.**

4. KLGSDP (State grant) ആയി ലഭിച്ച 74,666 /- രൂപയുടെ അലോട്ട്മെന്റ് കണക്കിലുൾപ്പെടുത്തി ചെലവഴിച്ചില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**
**സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**എറണാകുളം ജില്ലാ ഓഫീസ്**